"ഭരണഭാഷ – മാതൃഭാഷ"

## ട്രാൻസ്പോർട്ട് കമ്മീഷണർ,കേരളം,തിരുവനന്തപുരത്തിന്റെ നടപടിക്രമം
## (സാന്നിദ്ധ്യം:എസ്. ആനന്ദകൃഷ്ണൻ, ഐ.പി.എസ്.)

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** – കേരള മോട്ടോർ വാഹന ചട്ടം 405 പ്രകാരം ഉദ്യോഗസ്ഥർക്ക് ചുമതലകൾ നൽകുന്നത് - സംബന്ധിച്ച്.

പരാമർശം :- ഇല്ല.

**<u>ഉത്തരവ് നമ്പർ സി.1/20978/റ്റി.സി/2015 തീയതി. 19.06.2017.</u>**

വകുപ്പ് നടത്തുന്ന ദൈനംദിന വാഹന പരിശോധനകളിൽ കണ്ടെത്തുന്ന കുറ്റകൃത്യങ്ങൾക്ക് നിലവിൽ നൽകിവരുന്ന ചെക്ക് റിപ്പോർട്ട് മാറിയ സാഹചര്യത്തിൽ പരിഷ്കരിക്കാനും അവ മലയാളത്തിൽ കൂടി നൽകാനുമുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നു.

നിലവിൽ ഓഫീസുകളിൽ ലഭിക്കുന്ന ചെക്ക് റിപ്പോർട്ടുകളിൻമേൽ അയക്കുന്ന നോട്ടീസ് വാഹന ഉടമയ്ക്ക്/കൈവശക്കാരന് ലഭിച്ചു എന്ന് ഉറപ്പുവരുത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല. മാത്രവുമല്ല, പലപ്പോഴും ഓഫീസുകളിൽ നിന്നും അയക്കുന്ന നോട്ടീസുകൾ വാഹനത്തിന്റെ രജിസ്റ്റേഡ് ഉടമയുടെ പേരിൽ മാത്രമായതിനാൽ, യഥാർത്ഥ ഉടമ ഈ വിവരങ്ങൾ അറിയാതെവരുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. അതിനാൽ, പരിഷ്കരിച്ച ചെക്ക് റിപ്പോർട്ടുകളോടൊപ്പം വാഹനത്തിന്റെ ചുമതലയുള്ള വ്യക്തിക്ക് പരിശോധനാ സമയത്തുതന്നെ കുറ്റാരോപണവും, കാരണം കാണിക്കൽ നോട്ടീസും കൂടി തയ്യാറാക്കി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

ഈ സാഹചര്യത്തിൽ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം വകുപ്പ് 19, 53,55,86,177,178,179,180,181,182,183(1),183(2),184,185,186,188,189,190,191,192,194,196,198 എന്നിവ പ്രകാരം വാഹന ഉടമ, ഡ്രൈവർ, കണ്ടക്ടർ എന്ന നിലയിൽ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള നോട്ടീസ് കൂടി പരിശോധനാ സമയത്ത് നൽകാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനായി പുതിയ മാതൃകയിലുള്ള ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾത്തന്നെ അതോടൊപ്പമുള്ള കാരണം കാണിക്കൽ നോട്ടീസുകൂടി തയ്യാർ ചെയ്ത് ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും കൈപ്പറ്റൽ രേഖ കൂടി വാങ്ങാൻ നിർദ്ദേശിക്കുകയും ഇതിനായി കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 405 (3) അനുസരിച്ച് വകുപ്പ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

19-6-2017

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

ജെ.എസ്.